# Deepika

## 16 July 2018

## Cherayi, Munambam Estuary, Sand Dunes, Heavy Rain

# മുനമ്പം അഴിമുഖത്തിനു മണൽത്തിട്ടകൾ ഭീഷണിയാവുന്നു

**ചെറായി:** കനത്ത മഴയെത്തുടർന്ന് എക്കലും മണ്ണും ഒഴുകിയെത്തി മുനമ്പം അഴിമുഖത്തെ ബോട്ട് ചാൽ മണൽ വന്ന് മൂടിയതായി മത്സ്യത്തൊഴിലാളികൾ ആശങ്ക പ്രകടിപ്പിച്ചു. വേലിയിറക്കത്തിൽ അഴിമുഖത്തിന്റെ ഇരുവശത്തും മണൽ തിട്ടകൾ പ്രത്യക്ഷപ്പെട്ടതാണ് കാരണം.

ഇവിടെ മത്സ്യബന്ധനയാനങ്ങൾക്ക് കടന്നുപോകാൻ നേർത്ത ഒരു ചാൽ മാത്രമെ അവശേഷിക്കുന്നുള്ളുവെന്നാണ് മത്സ്യത്തൊഴിലാളികൾ പറയുന്നത്. ഇപ്പോൾ ചീനവലകൾ പോലും വലിക്കാൻ പറ്റാത്ത സാഹചര്യമാണിവിടെ. ഈ അടുത്തകാലത്തൊന്നും ഇതേ പോലെ സംഭവിച്ചിട്ടില്ലത്രേ. തീരത്തോട് ചേർന്ന് ഇതേ പോലെയെങ്കിൽ ചാലുകളിലും മണൽ നിറഞ്ഞിട്ടുണ്ടാകുമെന്ന് മത്സ്യത്തൊഴിലാളികൾ ഭയപ്പെടുന്നു. ഒരുകാലത്ത് മുനമ്പം അഴിമുഖത്ത് മണൽതിട്ട രൂപപ്പെട്ട് അപകടങ്ങൾ തുടർക്കഥയായപ്പോൾ മത്സ്യമേഖലയിൽ നിന്നുള്ള നിരന്തര ആവശ്യത്തെ പരിഗണിച്ച് ആറ് വർഷങ്ങൾക്ക് മുമ്പ് ബോട്ട് ചാലിൽ നിന്നും മണൽ മാന്തി മാറ്റിയാതാണ്.



വേലിയിറക്ക സമയത്ത് അഴിമുഖത്തിന്റെ ഓരങ്ങളിൽ തെളിഞ്ഞുകാണുന്ന മണൽത്തിട്ട.

ഇത് എല്ലാ വർഷവും തുടരുമെന്ന് അന്ന് തുറമുഖ വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചെങ്കിലും പിന്നീട് ഇതുവരെ ഒരു നടപടികളും ഉണ്ടായിട്ടല്ലെന്ന് മുനമ്പം ബോട്ട് ഓണേഴ്സ് ആൻഡ് ഓപ്പറേറ്റേഴ്സ് കോ- ഓർഡിനേഷൻ കമ്മിറ്റി ചെയർമാൻ പി.പി. ഗിരീഷ് പറയുന്നു. മാത്രമല്ല തുറമുഖത്ത് അടിയുന്ന മണൽ സൊസൈറ്റിയുടെ കീഴിൽ പരമ്പരാഗത രീതിയിൽ മണൽ വാരൽ തൊഴിലാളികൾ വാരി മാറ്റിയിരുന്നത് ഇപ്പോൾ പോർട്ട് അധികൃതർ ഇടപെട്ട് നിർത്തിവെപ്പിച്ചിരിക്കുകയുമാണ്. ഇനി ട്രോളിംഗ് നിരോധനം പിൻവലിച്ച് ബോട്ടുകൾ കടലിലേക്ക് പോകാൻ 16 ദിവസമെ ശേഷിക്കുന്നുള്ളു.

അതിനു മുമ്പായി അഴിമുഖത്ത് പരിശോധന നടത്തി മണൽ തിട്ട രൂപപ്പെട്ടിട്ടുണ്ടെങ്കിൽ അത് മണൽ മാന്തി മാറ്റണമെന്നും ഇതിനായി എംഎൽഎയുടെ അടിയന്തിര ഇടപെടൽ വേണമെന്നും ബോട്ടുടമാ സംഘം ആവശ്യപ്പെട്ടു.